(ബി) ആർക്കും നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) ശ്രീ. സി. കെ. കേശവന്റെ 15-2-1965-ലെ ഉടമ്പടിപ്രകാരം നഗരംപാറയിൽപ്പെട്ട കൂപ്പിൽനിന്നും തടികൾ വെട്ടിയിറക്കി പാറമ്പുഴ ഡിപ്പോയിൽ എൽപിക്കുന്നതിനുള്ള കോൺവിലനിരക്കു വർദ്ധിപ്പിച്ചിട്ടുണ്ട്.

കയർ വ്യവസായ വികസനം

* 292 [1012] ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായ വികസന പദ്ധതിക്ക് ധനസഹായം ലഭിക്കാൻ സംസ്ഥാന ഗവൺമെൻറ് റിസർവ്വ് ബാങ്കിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വായ്പയായി ആവശ്യപ്പെട്ടിട്ടുള്ളത് എന്തു തുകയാണെന്ന് പറയാമോ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ), (ബി) കയർ വ്യവസായ വികസനത്തിനുള്ള ധനസഹായകാര്യം സംസ്ഥാന ഗവൺമെൻറ് റിസർവ്വു ബാങ്കുമായി വളരെ കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെങ്കിലും ഈ അടുത്തകാലത്തു മാത്രമേ കയർ വ്യവസായം ധനസഹായത്തിന് അർഹമായ വ്യവസായമായി റിസർവ്വു ബാങ്ക് അംഗീകരിച്ചിട്ടുള്ളു. ഏതെല്ലാം വ്യവസ്ഥകളിൻമേൽ കയർ വ്യവസായത്തിന് സാമ്പത്തിക സഹായം നൽകാം എന്ന കാര്യം തീരുമാനമായിട്ടില്ലാത്തതിനാൽ എന്തു തുക ആവശ്യപ്പെടാമെന്ന് പറയാറായിട്ടില്ല.

സ്റ്റാർച്ചു ഫാക്ടറി

* 293 [1015] ശ്രീ. പി. എൻ. ചന്ദ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ:

മരച്ചീനി സുലഭമായി ലഭിക്കുന്ന മദ്ധ്യതിരുവിതാംകൂറിൽ ഒരു സ്റ്റാർച്ചു ഫാക്ടറി പൊതുമേഖലയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്):

പൊതുമേഖലയിൽ ഒരു സ്റ്റാർച്ചു ഫാക്ടറി സാദ്ധ്യമല്ല. ഒന്നിൽ കൂടുതൽ സ്വകാര്യ വ്യക്തികൾ ഈ കാര്യത്തിൽ താൽപര്യം കാണിക്കുന്നുണ്ട്. ഇവർക്ക് അർഹതയുള്ള ലൈസൻസാഹനം നൽകാൻ തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly